# 'വാക്കിലും പ്രവർത്തിയിലും ശക്തനായവൻ'

## ലൂക്കൊസ് 24:19

''ഏതു എന്ന്, അവൻ അവനോടു ചോദിച്ചതിന് അവർ അവനോടു പറഞ്ഞത്; ദൈവത്തിനും സകല ജനത്തിനും മുമ്പാകെ പ്രവർത്തിയിലും വാക്കിലും ശക്തിയുള്ള പ്രവാചകനായിരുന്ന നസറായനായ യേശുവിനെക്കുറിച്ചുള്ളതു തന്നേ''.

കർത്താവിന്റെ ഓരോ വാക്കിന്റെയും ശക്തിയെക്കുറിച്ചും അതിലുള്ള അത്ഭുത പ്രവർത്തികളെക്കുറിച്ചുമൊക്കെ ഈ വചനഭാഗങ്ങൾ നമ്മെ ഓർമ്മിപ്പിക്കുകയാണ്. നമ്മുടെ ജീവിതത്തിലെ ഏതു കയ്പേറിയ അവസ്ഥകളെയും തുടച്ചു നീക്കുവാൻ അവിടുത്തെ ഒറ്റ വാക്കിനാൽ കഴിയും.

ലൂക്കൊസ് 5-ാം അദ്ധ്യായത്തിൽ ശിമോൻ പത്രൊസ് രാത്രി മുഴുവനും അദ്ധ്വാനിച്ചിട്ടും ഒറ്റ മീൻപോലും കിട്ടാതെ ഭാരപ്പെട്ടിരുന്ന സമയം കർത്താവിന്റെ വാക്കിനു ചെവികൊടുത്തുകൊണ്ട് വല വീശിയപ്പോൾ പെരുത്ത മീൻകൂട്ടം ലഭിച്ചതായി നാം വായിക്കുന്നുവല്ലോ.

നമ്മുടെ കർത്താവിന് നാം ചെവി കൊടുക്കുന്നുവെങ്കിൽ സ്വർഗ്ഗീയഭണ്ഡാരം തുറന്ന് നമ്മുടെ ഏത് ആവശ്യങ്ങൾക്കും മതിയാകുവോളം അവിടുന്ന് അനുഗ്രഹം ചൊരിഞ്ഞുതരുവാൻ തക്കവണ്ണം ഇടയായിത്തീരും.

ലാസറിന്റെ ജീവിതത്തിലും മരിച്ച് '4' ദിവസമായി നാറ്റം വമിച്ച അവസ്ഥയിലും കർത്താവിന്റെ വാക്കുകളുടെ ശക്തിയാൽ അവൻ ഉയർത്തെഴുന്നേൽക്കുവാൻ തക്കവണ്ണം ഇടയായിത്തീർന്നുവല്ലോ.

വെളിപ്പാട് 1:16 കർത്താവിന്റെ വായിൽ നിന്നും ഇരുവായ്ത്തലയുള്ള വാൾ പുറപ്പെടുന്നുവെന്ന് നാം വായിക്കുന്നുണ്ടല്ലോ. അവിടുത്തെ വാക്കുകളെ അത്രയേറെ ശക്തിയുള്ളതും മൂർച്ചയുള്ളതുമായിട്ടാണ് ഈ വചനവും നമ്മെ പഠിപ്പിക്കുന്നത്.

പുതിയനിയമത്തിൽ മാത്രമല്ല ഉല്പത്തിയിൽ തന്നെ ദൈവം തന്റെ വാക്കിനാൽ ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ചുവെന്ന് നാം കാണുന്നുണ്ടല്ലോ. ഇന്നു നാം അനവധി ആളുകളുടെ വാക്കുകൾ കേൾക്കുന്നുണ്ട്. പക്ഷേ കർത്താവിന്റെ വാക്കുകൾക്ക് ചെവി കൊടുക്കുവാനോ അനുസരിക്കുവാനോ പലപ്പോഴും നമുക്കു കഴിയാതെ പോകുന്നുവല്ലോ.

നമ്മുടെ കർത്താവ് പ്രവർത്തിയിൽ വലിയവനും ആലോചനയിൽ ശക്തിമാനുമാകുന്നു. ഈ ലോകത്തിലും വരുവാനുള്ളതിനും അവിടുന്നു മാത്രമാണ് സർവ്വശക്തനായ ദൈവം. സർവ്വലോകത്തിന്റെയും അധികാരിയായവൻ നമ്മുടെ കർത്താവായ യേശു ക്രിസ്തു മാത്രമാകുന്നു.

ആയതിനാൽ പ്രിയദൈവപൈതലേ, നിന്റെ എത്രയേറെ പഴക്കം ചെന്ന വിഷയങ്ങൾക്കും വിടുതൽ ലഭിക്കുവാൻ അരുമനാഥന്റെ ഒറ്റ വാക്കു മതിയെന്നു വിശ്വസിക്കുവാൻ നിന്റെ ഹൃദയം തയ്യാറാകുന്നുവെങ്കിൽ അവിടുത്തെ അത്ഭുതപ്രവർത്തി നിന്റെ ജീവിതത്തിലും രുചിച്ചറിയുവാൻ തക്കവണ്ണം ഇടയായിത്തീരും.

പരാമർശം :

സഭാപ്രസംഗി 3:14

ദൈവം പ്രവർത്തിക്കുന്നതൊക്കെയും ശാശ്വതം എന്നു ഞാൻ അറിയുന്നു. അതിനോട് ഒന്നും കൂട്ടുവാനും അതിൽ നിന്ന് ഒന്നും കുറയ്ക്കുവാനും കഴിയുന്നതല്ല.

**സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 056**